## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 168 — 12.02.2013 ൽ മറുപടിയ്ക്ക്

## അന്യം നിന്ന സസ്യജാലങ്ങൾ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ അന്യം നിന്ന സസ്യജാലങ്ങൾ സംരക്ഷിക്കുന്നതിന് കെ.എസ്.ബി.ബി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രസ്തുത ക്ലബ്ബുകളുടെ മേൽനോട്ടത്തിൽ 'ശാന്തിസ്ഥൽ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിരളവും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും വംശനാശ ഭീഷണി നേരിടുന്നതുമായ (RET- Rare, Endangered, Threatened) സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുകയും, കാലാന്തരത്തിൽ ഈ പ്രദേശം അപൂർവ്വയിനം സസ്യങ്ങളുടെ ജൈവകേന്ദ്രമായും വികസിപ്പിച്ചെടുത്ത് ഒരു തനത് ആവാസ കേന്ദ്രമാക്കി രൂപപ്പെടുത്തിയെടുക്കുകയുമാണ് ലക്ഷ്യം.<br><br>RET വിഭാഗത്തിലുള്ള സസ്യജാല |

| | | | |
|---|---|---|---|
| | | | ങ്ങൾ അവശേഷിക്കുന്ന കാവുകൾ, പൊതുസ്ഥലങ്ങൾ, ലഭ്യമായ സ്വകാര്യ ഭൂമികൾ എന്നിവ പൈതൃകസ്ഥാനങ്ങളായി (Heritage site) സംരക്ഷിക്കാനുള്ള നിയമാനുസൃത പദ്ധതിയും ബോർഡ് നടപ്പാക്കുന്നുണ്ട്. |
| (ബി) | ഇത് പ്രകാരം സസ്യജാലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും ലഭ്യമായ സസ്യജാലങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | കേരളത്തിലെ എയ്ഡഡ് അൺ- എയ്ഡഡ് മേഖലയിലുള്ള 22 ഓളം കോളേജുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ 'ശാന്തിസ്ഥൽ' സ്ഥാപിക്കുന്നതിന് ബയോഡൈവേഴ്സിറ്റി ബോർഡ് കരാർ തയ്യാറാക്കി വരുന്നു. ഹെറിറ്റേജ് സൈറ്റ്സ് പദ്ധതി പാതിരാമണൽ, നിലമ്പൂർ തേക്കുതോട്ടം, കണ്ണൂർ പാലേരി മൂകാംബികക്കാവ്, തൃശൂർ കലശമല, എറണാകുളം ഇരിങ്ങോൾക്കാവ് എന്നിവിടങ്ങളിൽ |

ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, ക്ഷേത്ര ഉടമകൾ എന്നിവരുമായി ചേർന്നാണ് നടപ്പാക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | 'എൻവയോൺമെന്റ് അവയർനെസ്സ് ആന്റ് എഡ്യൂക്കേഷൻ' എന്ന പദ്ധതിയിൻ കീഴിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള 7.00 ലക്ഷം രൂപ വിനിയോഗിച്ചാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബയോഡൈവേഴ്സിറ്റി ക്ലബ്ബും ശാന്തിസ്ഥലും സ്ഥാപിക്കുന്നത്.<br><br>നിയമാനുസൃത പദ്ധതിയായ 'ഹെറിറ്റേജ് സൈറ്റുകൾ'ക്ക്, സർക്കാർ സഹായവും, കൂടാതെ കേന്ദ്ര ബയോഡൈവേഴ്സിറ്റി അതോറിറ്റിയിൽ നിന്നുള്ള ധനസഹായവും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ